**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 6479 11.07.2012-ൽ മറുപടിയ്ക്ക്

**സംസ്ഥാനത്തെ വാഹന മോഷണങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ:<br>ശ്രീമതി.കെ.കെ. ലതിക:<br>ഡോ.കെ.ടി. ജലീൽ:<br>ശ്രീ. സാജു പോൾ: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് വാഹനമോഷണങ്ങൾ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(എ) സംസ്ഥാനത്ത് വാഹനമോഷണങ്ങൾ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട വാഹനമോഷണ കേസുകളിൽ ഇതുവരെ വാഹനം കണ്ടെത്താൻ കഴിയാത്തവ എത്രയാണെന്ന് ലഭ്യമായ കണക്കുകൾ അനുസരിച്ച് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഹനമോഷണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 1470 കേസുകളിൽ 780 കേസുകളിലെ വാഹനങ്ങൾ കണ്ടെത്താനുണ്ട്.

(സി) വാഹനങ്ങൾ നിർത്തിയിട്ടാലുടൻ മോഷ്ടിക്കപ്പെടുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നതിനെക്കുറിച്ച് സമഗ്രമായി പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) ഏത് തരത്തിലുള്ള വാഹന മോഷണങ്ങൾ റിപ്പോർട്ട് ചെയ്താലും ഉടൻ തന്നെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും പ്രസ്തുത വാഹനത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്ക് ഉടൻ തന്നെ കൈമാറുകയും അതിർത്തി ചെക്ക് പോസ്റ്റുകളിൽ വിവരം അറിയിക്കുകയും ചെയ്തുകൊണ്ടുള്ള ഊർജ്ജിത മായ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ അന്തർ സംസ്ഥാന ബന്ധമുള്ള വാഹന മോഷ്ടാക്കളെ സംബന്ധിച്ച് അതാത് സംസ്ഥാനത്തെ പോലീസ് അധികാരി കളുമായി സമ്പർക്കം പുലർത്തി വിവരങ്ങൾ കൈമാറുകയും വാഹനങ്ങൾ കണ്ടെടുത്ത് കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടു വരുവാനും നടപടികൾ സ്വീകരിക്കാറുണ്ട്.

12/7/12

സെക്ഷൻ ഓഫീസർ